നൽകിവരുന്നുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരമുള്ള ആരോഗ്യ സേവന പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഡോക്ടർമാരെ വേണ്ടത്ര ലഭ്യമല്ലാത്ത സാഹചര്യം കണക്കിലെടുത്ത് ഉയർന്ന സേവന-വേതന വ്യവസ്ഥകൾ വാഗ്ദാനം ചെയ്തിട്ടും കാര്യമായ പ്രതികരണമില്ലാത്ത സാഹചര്യമാണുള്ളത്. ഇത് പരിഹരിക്കുവാൻ അന്യ സംസ്ഥാനങ്ങളിൽ നിന്നും തൊട്ടടുത്ത മംഗലാപുരത്തുനിന്നുമടക്കം വേണ്ടത്ര ഡോക്ടർമാരെ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള 25 ഏക്കർ സ്ഥലം പുനരധിവാസ വില്ലേജിനുവേണ്ടി വിട്ടുകൊടുത്തിട്ടുണ്ട്. ഒരു ഹൈടെക് പുനരധിവാസ വില്ലേജ് എന്ന രീതിയിലാണ് ഉദ്ദേശിക്കുന്നത്. എൻഡോസൾഫാൻ ദുരിതബാധിതരെ താമസിപ്പിക്കുന്നതിനും മാനസികമായി വ്യത്യസ്തരായവർക്ക് നമ്മോടൊപ്പം ജീവിക്കാനുംവേണ്ടി അവർക്ക് ആശ്വാസമെന്ന നിലയിൽ ഒരു പുനരധിവാസ വില്ലേജ് പണിയാനുള്ള നടപടികളെല്ലാം ആരംഭിച്ചിട്ടുണ്ട്. അതിന്റെ ആർക്കിടെക്ച്ചർ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഉടൻതന്നെ ടെണ്ടർ നടപടികൾ സ്വീകരിച്ചുകൊണ്ട് പുനരധിവാസ വില്ലേജ് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ കൂടി സ്വീകരിക്കുന്നതാണ്.

(2) വിഷമയമല്ലാത്ത മത്സ്യത്തിന്റെ ലഭ്യത

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഇന്ന് മലയാളികളുടെ തീൻമേശകളിലെ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് മത്സ്യവിഭവങ്ങൾ. വിവിധയിനം മത്സ്യങ്ങൾ ഇന്ന് കേരളത്തിലെ മാർക്കറ്റുകളിൽ സുലഭമായി ലഭിക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ മത്സ്യ മാർക്കറ്റുകളിൽ വിപണനം ചെയ്യുന്ന മത്സ്യങ്ങളിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ മാരകമായ രാസവസ്തുക്കൾ വൻതോതിൽ അടങ്ങിയിരിക്കുകയാണ്. മത്സ്യങ്ങൾ ദീർഘകാലം കേടുകൂടാതിരിക്കാനാണ് വ്യാപാരികൾ ഇത്തരം 2 രാസവസ്തുക്കൾ ഉപയോഗിക്കുന്നത്. മോർച്ചറികളിൽ മൃതദേഹങ്ങൾ കേടുകൂടാതിരിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുവാണ് ഫോർമാലിൻ. ഇത് നമ്മൾ ഭക്ഷണത്തിനായി ഉപയോഗിക്കുന്ന മത്സ്യങ്ങൾ കേടുവരാതെ സൂക്ഷിക്കുവാൻ ഉപയോഗിക്കുന്നു എന്നുള്ളത് ഞെട്ടിപ്പിക്കുന്ന കാര്യമാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന മത്സ്യങ്ങളിലാണ് ഇത്തരം രാസവസ്തുക്കളുടെ ഉപയോഗം വളരെ വ്യാപകമായി കണ്ടുവരുന്നത്. ഉത്സവ സീസണിലെ വ്യാപാരം മുൻകൂട്ടി കണ്ടുകൊണ്ട് വലിയ അളവിൽ മത്സ്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വ്യാപാരികൾ ശേഖരിച്ച് വയ്ക്കുന്നു. ഇത്തരത്തിൽ രാസവസ്തുക്കളടങ്ങിയ മത്സ്യങ്ങൾ ഉപയോഗിക്കുന്നത് മനുഷ്യശരീരത്തിലെ ആന്തരികാവയവങ്ങളെ ദോഷകരമായി ബാധിക്കുകയും ക്യാൻസർ പോലുള്ള മാരകമായ അസുഖങ്ങൾ പിടിപെടുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള മത്സ്യങ്ങളുടെ വിപണനം തടയുന്നതിന് വേണ്ടത്ര ജാഗ്രതയോ സംവിധാനങ്ങളോ നമ്മുടെ വകുപ്പുകൾക്കില്ല. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ മത്സ്യ മാർക്കറ്റുകളിൽ അടിയന്തരമായി പരിശോധന ഉണ്ടാകണം. അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന മത്സ്യം കയറ്റിയ വാഹനങ്ങൾ പരിശോധിക്കുവാനും രാസവസ്തുക്കൾ ഉപയോഗിച്ച മത്സ്യങ്ങൾ പിടിച്ചെടുത്ത് നശിപ്പിക്കുവാനും മത്സ്യം കൊണ്ടുവരുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും ഇപ്പോഴുള്ള നിയമങ്ങൾ അപര്യാപ്തമാണ്. ഇത്തരത്തിൽ മാരക വിഷങ്ങൾ കലർത്തിയ മത്സ്യങ്ങൾ കേരളത്തിൽ എത്തിച്ച് വിപണനം നടത്തുന്നവരെ ശിക്ഷിക്കാനും ഇതിനെ പ്രതിരോധിക്കാനും സമഗ്രമായ ഒരു നിയമനിർമ്മാണം ഈ സർക്കാരിന്റെ കാലത്തുതന്നെ ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. പി. സജീന്ദ്രൻ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. കേരളത്തിൽ വില്പനയ്ക്കെത്തുന്ന മത്സ്യങ്ങൾ കേടുവരാതെ ദിവസങ്ങളോളം സൂക്ഷിക്കുന്നതിനായി അമോണിയം, ഫോർമാലിൻ തുടങ്ങിയ ആരോഗ്യത്തിന് ഹാനികരമായ മാരകവസ്തുക്കൾ ഉപയോഗിക്കുന്നത് ജനങ്ങളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇത് അടിയന്തരമായി തടയേണ്ടതിന്റെ ആവശ്യകത പരിഗണിച്ചുകൊണ്ട് മത്സ്യ മാർക്കറ്റുകളിൽ മായംചേർക്കാത്ത മത്സ്യത്തിന്റെ ഉപയോഗം ഉറപ്പാക്കേണ്ടത് ആവശ്യമാണെന്നാണ് ഈ ഗവൺമെന്റിന്റെ നിലപാട്. ഇതിനായി മത്സ്യവിപണനവും മത്സ്യ ഗുണനിലവാരവും സംബന്ധിച്ച് മാനേജ്മെന്റ് ആക്ട് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ മത്സ്യത്തൊഴിലാളികളെ നിലവിലുള്ള മത്സ്യലേല ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും മത്സ്യ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കഴിയും. ആ കരട് ബില്ല് സർക്കാരിന്റെ പരിഗണനയിലാണ്. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് മാരക രാസപദാർത്ഥങ്ങളായ ഫോർമാലിൻ, അമോണിയ എന്നിവ ചേർക്കുന്നത് തടയാനും കുറ്റക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കുവാനും മത്സ്യബന്ധനം മുതൽ മത്സ്യവില്പന വരെയുള്ള വിവിധ ഘട്ടങ്ങളിൽ മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താനും മത്സ്യത്തിന്റെയും മത്സ്യ ഉല്പന്നങ്ങളുടെയും ഗുണമേന്മ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധന കർശനമായി നടത്താനും മത്സ്യത്തൊഴിലാളികളെ നിലവിലെ മത്സ്യ ലേല സമ്പ്രദായത്തിലൂടെ അമിതമായി ചൂഷണം ചെയ്യുന്നത് തടയാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം. ഈ നിയമം നടപ്പാക്കാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(3) കൊല്ലം ജില്ലാ ആശുപത്രിയിലെ സൗകര്യങ്ങൾ

ശ്രീ. പി. കെ. ഗുരുദാസൻ : സർ, കൊല്ലം ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അവിടെ യൂറോളജി യൂണിറ്റും, നൃറോളജി യൂണിറ്റും ക്യാൻസർ തെറാപ്പി യൂണിറ്റും പ്രവർത്തിക്കുന്നില്ല. യൂറോളജി വിഭാഗത്തിലെ ഡോക്ടറെ അവിടെ നിന്നും സ്ഥലം മാറ്റുകയും ചെയ്തു. ആധുനിക രീതിയിലുള്ള ഐ.സി.യൂണിറ്റും കാത്ത്ലാബുമില്ല. അവിടെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും കുറവുണ്ട്. ഈ ഗവൺമെന്റും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും പ്രത്യേകിച്ച് ഒരു സഹായവും ചെയ്തു തന്നിട്ടില്ല. വാഗ്ദാനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്. അവിടെ വരുന്ന രോഗികളെ ഡോക്ടർമാർ അപ്പോൾതന്നെ മെഡിക്കൽ കോളേജിലേക്ക് അയയ്ക്കുകയാണ് പതിവ്. 2013-ൽ ഇതിനെ ജനറൽ ആശുപത്രി ആക്കുമെന്നും 2014-ൽ കൊല്ലം ജില്ലയ്ക്ക് ഒരു മെഡിക്കൽ കോളേജ് തരുമെന്നും പറഞ്ഞു. പക്ഷേ രണ്ടും നടന്നിട്ടില്ല. ജില്ലാ ആശുപത്രിപോലും ഫലപ്രദമായി പ്രവർത്തിപ്പിക്കാനുള്ള ഒരു സംവിധാനം ഇപ്പോഴില്ല. ഒരു കൊലപാതകം നടന്നാൽ പോസ്റ്റുമോർട്ടം നടത്തുന്നതിനുള്ള പോലീസ് സർജൻപോലുമില്ല. 2010-ൽ എൻ.ആർ.എച്ച്.എം. അനുവദിച്ച മൂന്നുകോടി രൂപ കൊണ്ട് കെട്ടിട നിർമ്മാണപ്രവർത്തനം പൂർത്തിയായി. പക്ഷേ, അവിടെ ഇലക്ട്രിഫിക്കേഷനാവശ്യമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ജില്ലാ ആശുപത്രിയിൽ എത്തുന്ന രോഗികളുടെ എണ്ണം അടിക്കടി വർദ്ധിച്ചുവരികയാണ്. മഴക്കാലമായപ്പോൾ ഇത് വീണ്ടും വർദ്ധിച്ചുവരികയും സൗകര്യങ്ങൾ കുറയുകയും ചെയ്യുന്നു. മൂന്നുകോടി രൂപയുടെ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാനുള്ള പരിശ്രമംപോലും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ചെയ്യുന്നില്ല. അതുകൊണ്ട് ജില്ലാ ആശുപത്രി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ആക്കുമെന്ന് 2013-ൽ തന്നെ പ്രഖ്യാപിച്ചതാണെങ്കിലും അതിനാവശ്യമായ ഒരു കാര്യവും ചെയ്തിട്ടില്ല. ജില്ലാ ആശുപത്രിയുണ്ടെങ്കിലും ഒരു പ്രയോജനവുമില്ലാത്ത അവസ്ഥയാണ്. എല്ലാ ആശുപത്രിയിലും ധാരാളം ഡോക്ടർമാരുണ്ടെന്നാണ് കഴിഞ്ഞ ദിവസം അങ്ങ് പറഞ്ഞത്. എന്നാൽ ഈ

LIBRARY ARCHIVES Kerala Legislative Assembly